പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3475 | 16.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **തന്റേടം ജെൻഡർ പാർക്ക്** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. ജെയിംസ് മാത്യു** | **ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സ്ത്രീകൾക്ക് മാത്രമായുള്ള ഒരു സുരക്ഷാ കേന്ദ്രമെന്ന നിലയ്ക്ക് തന്റേടം ജെൻഡർ പാർക്ക് സ്ഥാപിക്കുമെന്ന് 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പദ്ധതി പ്രസ്തുത കാലയളവിൽ തന്നെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | (എ) പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തെ ആദ്യത്തെ ജെന്റർ പാർക്ക് കോഴിക്കോട് ജില്ലയിൽ വെള്ളിമാട്ടുകുന്നിൽ സാമൂഹ്യനീതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ 2013 ൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ജെന്റർ പാർക്ക് താഴെ പറയുന്ന കാരണങ്ങൾ കൊണ്ട് പ്രസ്തുതകാലയളവിൽ പൂർത്തികരിക്കാൻ സാധിച്ചിട്ടില്ല. ജെന്റർ പാർക്ക് എന്ന ആശയം ആദ്യമായി കേരളത്തിലാണ് നടപ്പിലാക്കുന്നത്. അതു കൊണ്ടു തന്നെ ഇത്തരത്തിൽ ഒരു സംരംഭം ആരംഭിക്കുന്നതിനായി വിശദമായ ആർക്കിടെക്ച്ചറൽ/ഡിസൈൻ തയ്യാറാക്കേണ്ടിയിരുന്നു. ഇതിനായി ആർക്കിടെക്ച്ചറൽ/ഡിസൈൻ ഏജൻസിയെ കണ്ടെത്തുന്നതിന് 2012 അവസാന പാദത്തിൽ തന്നെ താൽപ്പര്യ പത്രം ക്ഷണിച്ചെങ്കിലും താൽപ്പര്യപ്പത്ര പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങളുള്ള ഏജൻസിയെ കണ്ടെത്താനായില്ല. തുടർന്ന് മൂന്ന് താൽപ്പര്യ പത്രം ക്ഷണിച്ച ശേഷമാണ് യോഗ്യരായ ആർക്കിടെക്ച്ചറൽ ഏജൻസിയെ തിരഞ്ഞെടുക്കുവാൻ സാധിച്ചത്. തുടർന്ന് 2013 ഒക്ടോബറിൽ മെ. സ്പേസ് ആർട്ട് എന്ന ഏജൻസിയെ ആർക്കിടെക്ച്ചറൽ കൺസൽറ്റന്റായി നിയമിക്കുകയുണ്ടായി.പ്രസ്തുത ഏജൻസി തയ്യാറാക്കി നൽകിയ ഡിസൈൻ, ഡ്രോയിങ്ങ്, എസ്റ്റിമേറ്റ് എന്നിവയിന്മേൽ നിയമപ്രകാരമുള്ള ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയ ശേഷം 2014 അവസാന പാദത്തിൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ ക്ഷണിക്കുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കി, 2015 ഏപ്രിലിൽ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 15 മാസമാണ് കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള കാലാവധി. |

<table>
<tr>
<td>(ബി) തുടർന്നുള്ള ബഡ്ജറ്റിലും പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അനുവദിച്ചതും പിൻവലിച്ചതുമായ തുകയുടെ കണക്ക് ലഭ്യമാക്കാമോ;</td>
<td>(ബി) ഉണ്ട്. ജെന്റർ പാർക്കിനായി നാളിതുവരെ അനുവദിച്ചിട്ടുള്ളതും പിൻവലിച്ചിട്ടുള്ളതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>സാമ്പത്തിക വർഷം</th><th>അനുവദിച്ച നൽകിയ തുക (ലക്ഷത്തിൽ)</th><th>പിൻവലിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>2012-13</td><td>600</td><td>600</td></tr>
<tr><td>2014-15</td><td>660</td><td>660</td></tr>
</table>
</td>
</tr>
<tr>
<td>(സി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് അറിയിക്കാമോ; പാർക്ക് എവിടെയാണ് സ്ഥാപിക്കുന്നത്; വ്യക്തമാക്കാമോ;</td>
<td>(സി) സംസ്ഥാനത്തെ ആദ്യത്തെ ജെന്റർ പാർക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കോഴിക്കോട് ജില്ലയിൽ വെള്ളിമാട്ടുകുന്നിലാണ് ആദ്യത്തെ ജെന്റർ പാർക്ക് നിലവിൽ വരുന്നത്.</td>
</tr>
<tr>
<td>(ഡി) പാർക്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?</td>
<td>(ഡി) സ്ത്രീകളുടെ സാമ്പത്തിക, സാമൂഹിക പുരോഗതി ലക്ഷ്യമിട്ടു കൊണ്ടും, ലിംഗസമത്വം നടപ്പാക്കുന്നതിനു വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനു വേണ്ടിയുമാണ് ജെന്റർ പാർക്ക് നടപ്പിലാക്കുന്നത്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ